# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3275 21.08.17 ൽ മറുപടിയ്ക്ക്**

**പൊതുഗതാഗത സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എസ്.ശർമ്മ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.ബി.സത്യൻ | | ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുഗതാഗത സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | സ്ത്രീ യാത്രക്കാരുടെ സുരക്ഷ മുൻ നിർത്തി വനിതകൾ ഓടിക്കുന്ന ഷീ ടാക്സി സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നഗരപ്രദേശങ്ങളിൽ നടപ്പിലാക്കി. പൊതുജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ യാത്രചെയ്യുന്നതിന് ബൈക്ക് ടാക്സി പ്രാവർ ത്തികമാക്കി. അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനായി ഇ-കാർ, ഇ-ഓട്ടോറിക്ഷ തുടങ്ങിയ വാഹനങ്ങൾക്ക് സംസ്ഥാനത്ത് സർവ്വീസ് നടത്തുവാൻ അനുമതി നൽകി. കൂടാതെ 5 ലക്ഷത്തിനുമുകളിൽ ജനസംഖ്യയുള്ള പട്ടണ പ്രദേശങ്ങളിലെ പൊതുയാത്രാ സംവിധാനങ്ങൾ ഏകോപിച്ച് പ്രവർത്തിപ്പിക്കുന്നതിനായി കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി രൂപീകരിക്കുന്നതിനായുള്ള കരട് ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത ബിൽ നിയമമാകുന്നതോടെ പൊതുഗതാഗത സംവിധാനം കൂടുതൽ മെച്ചപ്പെടുന്നതാണ്. |
| (ബി) | മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ; | (ബി) | ഓവർ സ്പീഡിങ് മൂലമുള്ള അപകടങ്ങൾ ഒഴിവാക്കാനായി കൂടുതൽ സ്പീഡ് ക്യാമറകൾ സ്ഥാപിക്കൽ, ഡ്രൈവിംഗ് സ്കൂൾ അദ്ധ്യാപകരുടെ കാര്യക്ഷമത |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുന്നതിനും അത് വഴി പുതിയ ലൈസൻസ് എടുക്കുന്നവരുടെ ഡ്രൈവിംഗ് നിലവാരം വർദ്ധിപ്പിക്കുന്നതിനുമായുള്ള പദ്ധതി നടപ്പിലാക്കൽ, എല്ലാ ജില്ലകളിലും കമ്പ്യൂട്ടറൈസ്ഡ് വാഹന പരിശോധനാ കേന്ദ്രങ്ങളും ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകളും സ്ഥാപിക്കൽ, ചെക്ക് പൊസ്റ്റുകളിലെ പെർമിറ്റിനും മറ്റു ഇതര സേവനങ്ങൾക്കായുള്ള പൊതുജനങ്ങളുടെ നീണ്ട നിര കുറയ്ക്കുന്നതിന് വേണ്ടി കൂടുതൽ ഓൺലൈൻ സേവനങ്ങൾ നടപ്പിലാക്കൽ, പൊതുജന സുരക്ഷ ഉറപ്പു വരുത്തുന്നതിന് അപകട സാധ്യതയുള്ള ചരക്കുകൾ വഹിക്കുന്ന വാഹനങ്ങളെ നിരീക്ഷിക്കുന്നതിനായി മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളിൽ 'ആർ.എഫ്.ഐ.ഡി. സിസ്റ്റം ' എന്ന സംവിധാനം നടപ്പിലാക്കൽ, സ്റ്റേജ് കാര്യേജ് വാഹനങ്ങളുടെ നീക്കം നിരീക്ഷിക്കുന്നതിനായി 'ജി.പി.എസ്. ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കൽ, നിലവിലുള്ള സ്റ്റേജ് കാര്യേജ് വാഹനങ്ങളുടെ സമയപ്പട്ടിക ഡിജിറ്റലൈസ് ചെയ്യുവാനും അത് വഴി പൊതുഗതാഗത സംവിധാനത്തിന്റെ നിലവാരം വർദ്ധിപ്പിക്കുന്നതിനും പൊതുജനങ്ങളെ കൂടുതലായി പൊതുഗതാഗത സംവിധാനത്തിലേയ്ക്ക് ആകർഷിക്കുന്നതിനും തന്മൂലം ഗതാഗത കുരുക്ക് ലഘൂകരിക്കുന്നതിനും വേണ്ടി ഉള്ള 'ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റം' എന്ന പദ്ധതി നടപ്പിലാക്കൽ, മോട്ടോർ വാഹന ഓഫീസുകളിലും വകുപ്പിന്റെ ചെക്ക്പോസ്റ്റുകളിലും എൻഫോഴ്സ്മെന്റ് സ്ക്വാഡിലും 'പോയിന്റ് ഓഫ് സെയിൽ' |

| | | | |
|---|---|---|---|
| | | | മുതലായ ആധുനിക മൊബൈൽ പേയ്മെന്റ് സംവിധാനം നടപ്പിലാക്കൽ തുടങ്ങിയവയിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പരിസരമലിനീകരണം കുറയ്ക്കുന്നതിനായി, വാഹനങ്ങൾ പരിസ്ഥിതി സൗഹൃദ ഇന്ധനങ്ങൾ ഉപയോഗിച്ച് ഓടിക്കുന്നത് പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | പരിസരമലിനീകരണം കുറയ്ക്കുന്നതിനായി കെ.എസ്.ആർ.ടി.സി. ബസുകളിൽ സി.എൻ.ജി. ഇന്ധനമായി ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഇ-റിക്ഷ, ഇ-കാർട്ട് എന്നിവയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി ഈ വാഹനങ്ങളെ പെർമിറ്റിൽ നിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇ-റിക്ഷകൾക്ക് നികുതി ഇളവ് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**